## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 2147

18-12-2012 ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . കെ ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കേണ്ടതായ വൈദ്യുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്നത് വിശദീകരിക്കുമോ; റിക്കവറി ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്നത് വ്യക്തമാക്കാമോ; | (എ) സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കേണ്ടതായ വൈദ്യുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെചേർക്കുന്നു.<br><br>(i) യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വീഴ്ച വരുത്താതെ വിഛേദിക്കുക.<br><br>(ii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.<br><br>(iii) കാലതാമസം ഇല്ലാത്ത രീതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ആയത് ത്വരിതപ്പെടുത്തുകയും ചെയ്യുക.<br>(iv) ഹൈടെൻഷൻ, ലോടെൻഷൻ വിഭാഗങ്ങളിലായി പൂട്ടിക്കിടക്കുന്ന |

വ്യവസായസ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ ടി സ്ഥാപനങ്ങളുടെ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്, ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകി ശേഷിക്കുന്ന കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുക.

(v) മൂന്നു വർഷമോ അതിൽ കൂടുതലോ ആയി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ പേരിലുള്ള മുതൽ ഒറ്റത്തവണയിലോ തവണകളായോ ഒടുക്കുകയാണെങ്കിൽ പലിശയിൽ ഇളവനുവദിച്ച് നൽകുക. പൂട്ടിപ്പോയ വ്യവസായശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക തീർപ്പാക്കുന്നുവെങ്കിലോ പലിശ 3% ആയി ഇളവ് ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയി ഇളവ് ചെയ്തു നൽകുന്നതാണ്. മുകളിൽ പറഞ്ഞ ഇളവ് നേടിയെടുക്കാൻ ഉപഭോക്താവ് മുതൽ ഒറ്റത്തവണയിൽ അടച്ചുതീർക്കേണ്ടതാണ്. അല്ലാത്തപക്ഷം പലിശ യഥാക്രമം 6% ഉം 9% ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ കാലയളവ് 31.12.2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | (vi) | കടിശ്ശിക സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.<br><br>31.3.2012 വരെ റവന്യൂ റിക്കവറി ഇനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് എച്ച്.റ്റി / ഇ .എച്ച് .റ്റി വിഭാഗത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക രൂപ 212.40 കോടിയാണ്. എൽ.റ്റി. വിഭാഗത്തിന്റെ റവന്യൂ റിക്കവറി ഇനത്തിൽ രൂപ 14.54 കോടിയാണ് ലഭിക്കാനുള്ളത്. |
| (ബി) | കെ.എസ്.ഇ.ബി.യ്ക്ക് കടിശ്ശിക നൽകാനുള്ള സ്വാകര്യസ്ഥാപനങ്ങൾ ഏതെല്ലാം എന്നും എത്ര തുകയുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി.യ്ക്ക് കടിശ്ശിക നൽകാനുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ ലിസ്റ്റും, തുകയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | കടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾക്കൊപ്പം ഉപഭോഗം നിയന്ത്രിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ എന്തെല്ലാം; പ്രവർത്തന രഹിതമായ എത്ര മീറ്ററുകൾ ഉണ്ട് എന്നത് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് മാറ്റി സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മുൻസർക്കാർ വിജയകരമായി നടപ്പാക്കിയ സി.എഫ്.എൽ.ലാമ്പ് വിതരണം ഇപ്പോൾ മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | ഉപഭോഗം നിയന്ത്രിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ.<br><br>ഗാർഹിക ഉപഭോക്താക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി 60 വാട്ട്സിന്റെ രണ്ട് സാധാരണ ബൾബുകൾക്ക് പകരം 15 വാട്ട്സിന്റെ രണ്ട് സി.എഫ്.എൽ. (രൂപ 30/- ക്ക്) വിതരണം നടത്തുകയുണ്ടായി. ഇതിനുപുറമെ വിദ്യാർത്ഥികളുടെ സഹകരണത്തോടു കൂടി 'നാളേയ്ക്കിത്തിരി ഊർജ്ജം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മഹിളാപ്രധാൻ ഏജന്റുമാരുടെ സഹായത്തോടെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ 2013 ജനുവരി ഒന്നു മുതൽ നടത്തുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>ബജത്ത് ലാമ്പ് യോജന പദ്ധതി പ്രകാരമുള്ള സി.എഫ്.എൽ. |

വിതരണം 15.03.2010 മുതൽ 15.09.2010 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യഘട്ടമായി നടപ്പിലാക്കി. പ്രസ്തുത ഘട്ടത്തിൽ സി.എഫ്.എൽ കൈപ്പറ്റാൻ സാധിക്കാതിരുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി 15.06.2011 മുതൽ 31.08.2011 വരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കേടായ സി.എഫ്.എൽ. കൈവശമുള്ളവർക്ക് മാറിവാങ്ങുന്നതിനുള്ള അവസരമായി 25.01.2012 മുതൽ 15.02.2012 വരെ അവസരം നൽകിയിട്ടുണ്ട്. കൂടാതെ ശേഷിക്കുന്ന സി.എഫ്.എൽ. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെയും, സർക്കാർ ഓഫീസുകളിലെയും സാധാരണ ബൾബുകൾ മാറ്റി സി.എഫ്.എൽ ആക്കുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കൂടംകുളത്തു നിന്ന് വൈദ്യുതി കേരളത്തിന് നൽകാൻ പാടില്ലെന്ന തമിഴ്നാട് സർക്കാരിന്റെ നിലപാടിനെതിരെ കേന്ദ്ര-സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) | കൂടംകുളത്തു നിന്ന് വൈദ്യുതി കേരളത്തിന് നൽകാൻ പാടില്ലെന്ന തമിഴ്നാട് സർക്കാരിന്റെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകത കണക്കിലെടുത്തും പാരിസ്ഥിതിക ആഘാതം മുൻനിർത്തി നഷ്ടമായ വൈദ്യുത പദ്ധതികൾക്ക് പരിഹാരമായും, കൂടംകുളം ആണവ വൈദ്യുത നിലയം ബാധിതമായിരിക്കുന്ന പ്രദേശം എന്ന നിലയ്ക്കും ഈ നിലയത്തിൽ നിന്നും കേരളത്തിനുള്ള വിഹിതം 500MW ആയി വർദ്ധിപ്പിക്കണമെന്ന് പ്രധാനമന്ത്രിയോട് കേരള മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) | ഗാഡ്ഗിൽ ഫോർമുല പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഇ) | കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും ഗാഡ്ഗിൽ ഫോർമുല പ്രകാരം കേരളത്തിന് 958.33 MW Firm വിഹിതമായി ലഭിക്കുന്നുണ്ട്. കൂടാതെ |

അൺഅലോക്കേറ്റഡ് വിഹിതമായി 264.07 MW ലഭിക്കുന്നു. കേന്ദ്ര വൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ തന്നെ അതതു മേഖലകളിലെ സംസ്ഥാനങ്ങളോട് ഈ പദ്ധതികളിൽ നിന്നുള്ള ആവശ്യകത വ്യക്തമാക്കുവാൻ ആവശ്യപ്പെടാറുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകത കണക്കാക്കി അതിനനുസൃതമായി കേന്ദ്രത്തോട് വൈദ്യുതി വിഹിതത്തിനുള്ള നിവേദനം സമർപ്പിക്കുന്നുണ്ട്.കേരള ഗവൺമെന്റ് മുഖേനയും സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർ വഴിയും കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭ്യമാക്കാൻ സമ്മർദ്ദം ചെലുത്താറുണ്ട്.

(എഫ്) അനർട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ തുടർ പ്രവർത്തനം ജീവനക്കാരില്ലാത്തതിനാൽ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ആവശ്യമായ ജീവനക്കാരെ ഏർപ്പെടുത്താനും പദ്ധതി കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിക്കുമോ?

(എഫ്) ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ G O (P) No 25/12/PD dt 3.10.2012 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നയരേഖ അനുസരിച്ച് പ്രസ്തുത പദ്ധതികൾക്ക് (കെ എസ് ഇ ബി വഴി നടപ്പിലാക്കുന്നവ ഒഴികെ) സാങ്കേതിക അനുമതി നൽകുന്നതിനുള്ള ശുപാർശ സർക്കാരിന് നൽകുന്നതിനു അധികാരപ്പെടുത്തിയിരിക്കുന്നത് Energy Management Center ന്റെ അനുബന്ധമായി പ്രവർത്തിക്കുന്ന Small Hydro Promotion Cell നെ ആണ്

സെക്ഷൻ ഓഫീസർ